
പുണ്യഭൂമി
1184 കർക്കിടകം 13

പാകിസ്ഥാൻ ഭീകരരാഷ്ട്രം!

അഫ്ഗാൻ യുദ്ധത്തെ സംബന്ധിച്ചുള്ള അമേരിക്കൻ സേനയുടെ തൊണ്ണൂറായിരത്തോളം രഹസ്യരേഖകൾ ചോർന്നതോടെ പാകിസ്ഥാന്റെ തനിനിറം ലോകത്തിന് ബോദ്ധ്യമായിരിക്കുകയാണ്. നാടൻ ഭാഷയിൽ പറഞ്ഞാൽ ജനമദ്ധ്യത്തിൽ മുണ്ട് ഉരിഞ്ഞു നിൽക്കുന്ന അവസ്ഥ. 'വിക്കി ലിക്സ്' എന്ന വെബ്സൈറ്റാണ് അതീവ രഹസ്യമായ ഈ രേഖകൾ ചോർത്തി പ്രസിദ്ധീകരിച്ചത്. ഇതിലൂടെ പാകിസ്ഥാന്റെ മാത്രമല്ല അമേരിക്കയുടെയും ഇരട്ടമുഖവും വ്യക്തമായി.

ഭാരതത്തിൽ നടക്കുന്ന ഭീകരാക്രമണങ്ങൾക്ക് പിന്നിൽ പാകിസ്ഥാന്റെ കൈകളുണ്ടെന്ന് പറയാൻ തുടങ്ങിയിട്ട് നാളുകളേറെയായി. മുംബൈ ആക്രമണത്തോടെ തെളിവുകളുടെ അടിസ്ഥാനത്തിൽ ഭാരതം ഇക്കാര്യം പറഞ്ഞെങ്കിലും പാകിസ്ഥാൻ അത് നിഷേധിക്കുകയായിരുന്നു. പാക് ഭരണകൂടത്തെ ഐഎസ്ഐയും സൈന്യവുമാണ് നിയന്ത്രിക്കുന്നത് എന്ന കാര്യം പരസ്യമാണ്. ഇപ്പോൾ പുറത്തുവന്ന രഹസ്യരേഖയിൽ ഐഎസ്ഐ പ്രതിക്കൂട്ടിലാണ്. ഏതെങ്കിലും രാജ്യത്തെ സർക്കാർ ഏജൻസികൾ ഭീകര പ്രവർത്തനത്തെ സഹായിച്ചാൽ ആ രാജ്യത്തെ ഭീകര രാഷ്ട്രമായാണ് അമേരിക്ക കണക്കാക്കുന്നത്. ആ നിലയിൽ അമേരിക്കയുടെ ലക്ഷക്കണക്കിന് ഡോളർ സൈനിക സഹായം കൈപ്പറ്റിക്കൊണ്ട് ഭീകര പ്രവർത്തനം നടത്തുന്ന പാകിസ്ഥാനെ ഭീകര രാഷ്ട്രങ്ങളുടെ പട്ടികയിൽത്തന്നെയാണ് ഉൾപ്പെടുത്തേണ്ടത്.

അഫ്ഗാനിസ്ഥാനിലെ ഭീകരവിരുദ്ധ യുദ്ധത്തിൽ അമേരിക്കയുടെ സഖ്യകക്ഷിയായാണ് പാകിസ്ഥാൻ 'അഭിനയിക്കു'ന്നത്. എന്നാൽ യുഎസ് സേനയോട് യുദ്ധം ചെയ്യുന്ന താലിബാൻ ഭീകരരെ പാകിസ്ഥാൻ സഹായിക്കുകയായിരുന്നു. നൂറു കോടി ഡോളറാണ് പ്രതിവർഷം ഭീകരവിരുദ്ധ പോരാട്ടത്തിന് പാകിസ്ഥാന് അമേരിക്ക സഹായം നൽകുന്നത്. ഏതാനും നാനാളുകൾക്കു മുമ്പും അമേരിക്ക പാകിസ്ഥാന് സൈനിക സഹായം നൽകിയിരുന്നു. ഭീകര വിരുദ്ധ പോരാട്ടത്തിന് കൈപ്പറ്റുന്ന തുക ഭാരതത്തിന് എതിരെയാണ് വിനിയോഗിക്കുന്നതെന്ന് ഇക്കഴിഞ്ഞ ദിവസം പ്രതിരോധ മന്ത്രി എ.കെ.ആന്റണി വെളിപ്പെടുത്തിയിരുന്നു. ഇതൊക്കെ നൂറു ശതമാനവും ശരിവയ്ക്കുന്നതാണ് ഇപ്പോൾ ചോർന്നു കിട്ടിയ വിവരങ്ങൾ.

ഐഎസ്.ഐയുടെ മേധാവി തന്നെ താലിബാന്റെ ഉന്നത നേതാക്കളുമായി രഹസ്യ ചർച്ച നടത്തിയിരുന്നതായി രേഖകൾ വെളിപ്പെടുത്തുന്നു. ഭാരതത്തിൽ നടക്കുന്ന എല്ലാ ഭീകരാക്രമണങ്ങൾക്കു പിന്നിലും ഐഎസ്ഐയ്ക്ക് പങ്കുണ്ടെന്ന് രേഖകളിലുണ്ട്. എന്നിട്ടും അമേരിക്ക എന്തിനാണ് പാകിസ്ഥാന് വീണ്ടും വീണ്ടും സൈനിക സഹായം നൽകുന്നതെന്ന് വ്യക്തമല്ല. ഈ രേഖകൾ ചോർന്നതോടെ പാകിസ്ഥാനെ ഭീകര രാഷ്ട്രമായി കണക്കാക്കാമെങ്കിൽ അമേരിക്ക വസ്തുതകൾ അറിഞ്ഞുകൊണ്ടുതന്നെ ഭീകരതയെ പരോക്ഷമായി സഹായിക്കുകയായിരുന്നു എന്നു പറഞ്ഞാലും അത് നിഷേധിക്കാനാകാത്ത വസ്തുതയാണ്.

അഫ്ഗാൻ പ്രസിഡന്റ് ഹമീദ് കർസായിയെ വധിക്കാനുള്ള പദ്ധതിയുടെയും ഐഎസ്ഐ മുൻമേധാവി ലഫ്.ജനറൽ ഹമീദ് ഗുൾ ഉന്നത അഫ്ഗാൻ ഭീകരരുമായും അൽഖ്വയ്ദ ഭീകരരുമായും കൂടിക്കാഴ്ച നടത്തിയതിന്റെയും രേഖകളും ചോർന്നിട്ടുണ്ട്. മാത്രമല്ല ഐഎസ്ഐയുടെ എസ് വിങ് എന്ന വിഭാഗം അഫ്ഗാനിസ്ഥാനും ഇന്ത്യയ്ക്കും എതിരെ നടത്തുന്ന ആക്രമണങ്ങളുടെ വിശദാംശങ്ങളും ചോർന്ന രേഖകളിലുണ്ട്.

അമേരിക്ക പാകിസ്ഥാന് വീണ്ടും വീണ്ടും സഹായം ചെയ്യുന്നതിന് പിന്നിൽ ഇന്ത്യയെ അസ്ഥിരപ്പെടുത്താനുള്ള നീക്കത്തെ പരോക്ഷമായി സഹായിക്കുകയല്ലേ എന്ന സംശയവും ഇപ്പോൾ ബലപ്പെടുകയാണ്. 2008 ജൂലായ് ഏഴിന് കാബൂളിലെ ഇന്ത്യൻ എംബസിയിൽ 58 പേരുടെ മരണത്തിനിടയാക്കിയ ബോംബാക്രമണത്തെപ്പറ്റി സംഭവത്തിന് ഒരാഴ്ച മുമ്പുതന്നെ പോളിഷ് ഇന്റലിജൻസ് ഏജൻസി അമേരിക്കയ്ക്ക് മുന്നറിയിപ്പ് നൽകിയിരുന്നു. ഐഎസ്ഐയുടെ ആസൂത്രണം ആയിരുന്നു ഇത്. ഈ മുന്നറിയിപ്പിനെക്കുറിച്ച് ഭാരതത്തിന് വിവരം നൽകി എന്നത് സംബന്ധിച്ച് ഇതുവരെയും റിപ്പോർട്ടുകൾ പുറത്തുവരാത്ത സാഹചര്യത്തിൽ അമേരിക്ക ആ വിവരം പൂഴ്ത്തിയിരുന്നു എന്ന് വ്യക്തമാണ്.

പുറത്തായ അതീവ രഹസ്യമായ രേഖകളിലെ പല കാര്യങ്ങളും ഭാരതത്തിന്റെ സുരക്ഷയുമായി ബന്ധപ്പെട്ടതാണ്. എന്നാൽ അതൊന്നും ഭാരതത്തിന് കൈമാറിയതായി തെളിവുകളൊന്നുമില്ല. ഇതിനർത്ഥം ഭീകരതയെ ഭരണകൂടം തന്നെ പ്രോത്സാഹിപ്പിക്കുന്ന പാകിസ്ഥാന് അനർഹമായ സഹായം നൽകിക്കൊണ്ട് ഇന്ത്യയ്ക്കെതിരെയുള്ള ആക്രമണങ്ങൾക്ക് അമേരിക്ക തന്നെ പരോക്ഷമായി പിൻതാങ്ങുകയായിരുന്നു എന്നാണ്.

ഭീകരതയ്ക്കെതിരെയുള്ള പോരാട്ടത്തിലെ പാകിസ്ഥാന്റെയും അമേരിക്കയുടെയും ഇരട്ടത്താപ്പ് ഇപ്പോൾ ലോകത്തിന് മുമ്പാകെ അനാവരണം ചെയ്തിരിക്കുകയാണ്. ഈ അവസ്ഥയിൽ പാകിസ്ഥാനുമായി ഭാരതം സമാധാന ചർച്ചയുമായി മുന്നോട്ടു പോകുന്നതിൽ യാതൊരു അർത്ഥവുമില്ല. ഇക്കാര്യത്തിൽ സർവ്വ കക്ഷിയോഗം വിളിച്ച് അഭിപ്രായം തേടേണ്ടതാണ്.

പാകിസ്ഥാനെതിരെ അമേരിക്ക ഇനി എന്തു നടപടി സ്വീകരിക്കും എന്നാണ് ലോകം ഉറ്റുനോക്കുന്നത്. പാകിസ്ഥാനെ ഭീകര രാഷ്ട്രങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തിക്കൊണ്ട് ആ മണ്ണിൽ നിന്ന് ഭീകരത തുടച്ചുനീക്കാനുള്ള ശ്രമം ആരംഭിക്കുമോ എന്നാണ് അറിയേണ്ടത്.

ഗുരുദർശനം

'ഇഹലോകത്ത് ദുഃഖം കൊണ്ടുള്ള ഇരുട്ടും പരലോകത്ത് അജ്ഞാനം കൊണ്ടുള്ള ഇരുട്ടുമാണ് നിലവിളക്ക് അകറ്റുന്നത്'

– ജഗദ്ഗുരു സ്വാമി സത്യാനന്ദ സരസ്വതി

രാമായണത്തിലൂടെ

സ്വാമി സത്യാനന്ദസരസ്വതി

'ചിത്തശുദ്ധിയോടെന്നെ സ്സേവിച്ചു ചിരകാലം
പുത്രലാഭാർത്ഥം പുരാ കശ്യപപ്രജാപതി'

എന്ന വരികളിൽ കശ്യപപ്രജാപതി അനുഷ്ഠിച്ച തപസ്സിന്റെ മഹിമ അനന്തരജന്മത്തിൽ രാമന്റെ പൈതൃകത്തിന് അർഹതയുള്ളതായി ത്തീർന്നിരിക്കുന്നു. കശ്യപപത്നിയും തപസ്വിനിയുമായ അദിതി രാമന്റെ മാതാവായ കൗസല്യ ആയതും അവതാരമഹിമയ്ക്ക് ആവശ്യമായിരുന്നുവെന്നറിയേണ്ടതാണ്. നിയന്ത്രണമറ്റ സമൂഹത്തിന് ഇതൊരുപദേശവും തിരുത്തെഴുത്തുമാണ്. ചിത്സ്വരൂപിണിയും ശക്തിസ്വരൂപിണിയുമായ വിശ്വേശ്വരിയാണ് യോഗമായാദേവിയായി ജനകാലയത്തിലവതരിച്ച സീതാദേവി. രാവണകുലനാശത്തിന് കാരണക്കാരിയാകുവാൻ, യോഗമായാശക്തിയും വിശ്വേശ്വരത്വവും ചിത്സ്വരൂപമായിത്തീരണമെന്ന് ലോകം മനസ്സിലാക്കിയേ തീരൂ. യോനിജ ആകുന്നതുകൊണ്ടുള്ള കർമബന്ധവും സംസാരബന്ധകാലുഷ്യവും സംഭവിക്കാതിരിക്കുവാൻ 'അയോനിജ' എന്നുള്ള സങ്കല്പം പ്രയോജനപ്പെടുന്നു. യോനിജരായ സാധാരണ ആളുകൾക്ക് ബന്ധമുക്തി പ്രയാസമാകുന്നു.

രാവണനിഗ്രഹത്തിനും ധർമ പുനഃസ്ഥാപനത്തിനും യോഗശക്തിയും വിശ്വജേതൃത്വവും അത്യാവശ്യമാണെന്ന് നാം മനസ്സിലാക്കണം. അവതാരപുരുഷനായ രാമനും അയോനിജയായ സീതയും ജ്ഞാനവും കർമവും കൊണ്ട് കർമോത്സുകമാകുന്ന മനുഷ്യമനസ്സാണ്. മേല്പറഞ്ഞ സ്വഭാവത്തോടുകൂടിയ മനസ്സിനു മാത്രമേ സമൂഹത്തിലെ രാവണനെ സംഹരിക്കുവാനും ധർമം നിലനിറുത്തുവാനും കഴിയൂ. മനുഷ്യമനസ്സിന്റെ അത്യുദാത്തമായ ഈ കർമഭാവന ബാലകാണ്ഡത്തിലെ അവതാരസങ്കല്പത്തിലും അയോനിജയിലും കശ്യപനിലും അദിതിയിലും ബന്ധപ്പെട്ടറിയേണ്ടതാണ്. സാമൂഹ്യ പരിഷ്കരണത്തിനും രാജ്യഭരണത്തിനും തയ്യാറാകുന്നവർ രാമാവതാരത്തിനടിസ്ഥാനമായ ധർമകർമങ്ങളുടെ പ്രൗഢിയും പ്രാപ്തിയും പരമാവധി ഉൾക്കൊള്ളണമെന്ന സത്യം ആധുനിക ഭരണസംവിധാനത്തിന് അയോഗ്യമാവുകയില്ല. ദേവന്മാർ, രാമദേവനെ സഹായിക്കുന്ന വാനരന്മാരായി പിറക്കണമെന്ന പൂർവസങ്കല്പം ആത്മവൃത്തി സാർവജനീനമാണെന്ന് തെളിയിക്കുന്നു. രാമാവതാരവാഗ്ദാനം കൊണ്ട് ധന്യതയാർജിച്ച മനസ്സുമായാണ് വേധാവും ദേവന്മാരും ഭൂമീദേവിയും നമസ്കരിച്ചു മടങ്ങുന്നത്. ഭൂമിയെ സമാശ്വസിപ്പിക്കുന്നതിൽ ദൃശ്യമാകുന്ന ഉപരിമണ്ഡലങ്ങളോടുള്ള ബന്ധം ശ്രദ്ധേയമാണ്. ഭൂമീദേവിയെ സമാശ്വസിപ്പിക്കുന്ന ബ്രഹ്മാവും ബ്രഹ്മാവിനെ അനുഗ്രഹിച്ചാശ്വസിപ്പിക്കുന്ന മഹാവിഷ്ണുവും ധന്യമായ മനുഷ്യജീവിതത്തിനുതകുന്ന ധർമചേതനകളാണ്. അധഃപതിച്ച മനുഷ്യമനസ്സിന്റെ വിക്ഷുബ്ധചിന്തകൾ ഒരിടത്തും വൈഷ്ണവസംസ്കാരം വരെ വളർന്നെത്തുന്ന മാനവികതയുടെ മനോജ്ഞമണ്ഡലം മറുഭാഗത്തും ദർശിച്ചു കൊണ്ടുവേണം ഭൂമീദേവിക്കും ബ്രഹ്മാവിനും നല്കിയ അനുഗ്രഹത്തെ ഓർമിക്കുവാൻ. ബാലകാണ്ഡത്തിലൂടെ പ്രഖ്യാപിതമാകുന്ന ഈ മനോവൃത്തി മനുഷ്യർക്കും ദേവന്മാർക്കും പ്രയോജനപ്പെടുന്ന ധർമസന്ദേശമാണ്. അധഃപതിച്ചവരെ മഹാപാപികളായി തള്ളുകയല്ല, അവരെ ഉന്നതപദത്തിലേക്കുയർത്തുകയാണ് മഹത്തുക്കളുടെ കർത്തവ്യമെന്നുള്ള ഉത്തമസന്ദേശം ബാലകാണ്ഡത്തിലെ രാമാവതാരസങ്കല്പത്തിൽനിന്ന് ലോകത്തിന് ലഭിക്കുന്നു. രാവണനിഗ്രഹത്തിന് ഈശ്വരസേവ അത്യാവശ്യമാണെന്ന് പ്രത്യേകസൂചനയുണ്ട്. ഭരണകർത്താക്കൾ രാവണനെപ്പോലെയായാൽ ഭരണീയരനുഭവിക്കുന്ന കഷ്ടതകൾക്ക് ആത്മാരാമനും രാമദാസനും മാത്രമേ പരിഹാരം നല്കാനാകൂ. ഈശ്വരീയ ഭാവമറ്റ മനസ്സിന് ത്യാഗസമ്പൂർണമായ സേവനം കാഴ്ചവക്കാനാവില്ല. കാനനഗിരിഗഹ്വരങ്ങളിലും വൃക്ഷങ്ങളിലും താമസമുറപ്പിച്ച് യാതുധാനന്മാരോട് യുദ്ധം ചെയ്യണമെന്ന് ദേവന്മാരെ നിയോഗിക്കുന്നതിന്റെ അന്തരാർഥം പ്രത്യേക ശ്രദ്ധയർഹിക്കുന്നു. സമസ്തചരാചരങ്ങളെയും ധർമസമരത്തിലെ ഉപാധികളും ഉപരോധത്തിനുള്ള ഉപകരണങ്ങളും ആക്കിക്കൊണ്ടാണ് ഭഗവാൻ ശ്രീരാമചന്ദ്രൻ തന്റെ ധർമസമരമീമാംസ വ്യാഖ്യാനിക്കുന്നത്. പർവതങ്ങൾ, നദികൾ, വൃക്ഷങ്ങൾ, ഗിരിഗഹ്വരങ്ങൾ, വാനരന്മാർ, മനുഷ്യർ, ദേവന്മാർ തുടങ്ങി സർവരും ധർമസമരത്തിലെ ഉപകരണ ങ്ങളാണ്. വാനരന്മാരുടെ പർവതതുല്യ ശരീരങ്ങളും സിംഹസഹജമായ വേഗവിക്രമങ്ങളും യുദ്ധരംഗത്ത് വിജയോപാധികളാണെന്നും ശക്തിഹീനന് ധർമസമരപൗരുഷം ലഭ്യമല്ലെന്നും ഉള്ള സൂചന ബാലകാണ്ഡത്തിലെ രാമന്റെ നിയോഗത്തിൽനിന്ന് ലഭിക്കുന്നു.

'മാനുഷഹരി സഹായാർഥമായ് തതസ്തതോ
മാനുഷ ഹരി സമവേഗ വിക്രമത്തോടെ
പർവത വൃക്ഷോപലയോധികളായുന്നത–
പർവതതുല്യ ശരീരന്മാരായനാരതം
ഈശ്വരം പ്രതീക്ഷമാണന്മാരായ് പ്ലവഗ
വൃന്ദേശ്വരന്മാരും ഭുവി സുഖിച്ചു വാണാരല്ലോ'

എന്നീ വരികളിൽ സ്പഷ്ടമായിക്കാണുന്ന സന്ദേശമാണ് മേല്വിവരിച്ചത്. ഋശ്യശൃംഗനെന്ന മഹാമുനിയുടെ കാർമികത്വത്തിൽ നടത്തപ്പെട്ട പുത്രകാമേഷ്ടിയെന്ന മഹായജ്ഞത്തിൽനിന്നു ലഭിച്ച ഹവിസ്സാണ് ശ്രീരാമന്റേയും സഹോദരന്മാരുടേയും ജനനത്തിന് കാരണമായത്. അമിതഗുണവാനായ ദശരഥമഹാരാജാവാണ് യാഗം സംഘടിപ്പിച്ചത്. കുലഗുരുവായ വസിഷ്ഠമഹാമുനിയുടെ ഉപദേശമാണ് പുത്രകാമേഷ്ടിക്ക് ഉപോൽബലകമായി നിന്നത്. യജ്ഞസങ്കല്പത്തിന്റെ പവിത്രതയും രാമാവതാരത്തിന്റെ ധന്യതയും ദുഷ്ടനിഗ്രഹത്തിനും ദുഷ്ടമായ ചിന്തകളെ നിരോധിക്കുന്നതിനും പ്രയോജനപ്പെടുന്നവയാണ്. രാമനവതരിക്കുന്നതിനുള്ള പശ്ചാത്തലവും സങ്കല്പവും മഹായജ്ഞം കൊണ്ട് സംശുദ്ധമാകുന്നു. ധർമമാർഗത്തിൽ പ്രവർത്തിക്കുന്നതിന് പരിശുദ്ധമായ മനസ്സും തജ്ജന്യമായ കർമങ്ങളും ആവശ്യമാണ്. പരിശുദ്ധമായ അന്നത്തിൽ നിന്നു മാത്രമേ പരിപാവനമായ മനുഷ്യജന്മം ഉടലെടുക്കൂ. ആത്മാരാമപദത്തിനുതകുന്ന പരിശീലനം എക്കാലത്തും നിയന്ത്രിക്കപ്പെടുന്നതിൽ പരിശുദ്ധമായ അന്നത്തിനുള്ള പങ്ക് പ്രധാനമാണ്. യജ്ഞവും യജ്ഞത്തിൽനിന്ന് ലഭിക്കുന്ന പായസവും രാമാവതാരത്തിന് കാരണമായി കാണുന്നതിൽനിന്നും അന്നത്തിന്റെ പരിശുദ്ധിയും പാവനതയും വ്യക്തമാക്കപ്പെടുന്നു.

"അന്നം ന നിന്ദ്യാത്"– അന്നത്തെ നിന്ദിക്കരുത്
(തൈത്തരീയോപനിഷത്ത്)

"അന്നേന വാവ സർവേ പ്രാണാ മഹീയന്തേ"– അന്നത്താൽ പ്രാണന് ശക്തി കൈവരുന്നു

"അന്നാദ്വൈ പ്രജാഃ പ്രജായന്തേ"– അന്നത്തിൽ നിന്നും പ്രജ ഉല്പന്നമാകുന്നു

"യാ കാശ്ച പൃഥ്വീം ശ്രിതാഃ"– പൃഥ്വിയെ ആശ്രയിച്ചുള്ള സർവവും അന്നത്തിൽ നിന്നാണുണ്ടാകു ന്നത്.

"അഥോ അന്നേനൈവ ജീവന്തി"– അത് അന്നത്താൽ തന്നെ ജീവിക്കുന്നു

"അഥൈതദ പിയന്ത്യന്തതഃ"– ഒടുവിൽ സർവവും അന്നത്തിൽ തന്നെ വിലയം പ്രാപിക്കുന്നു

"അന്നം ഹി ഭൂതാനാം ജ്യേഷ്ഠം"– അന്നം തന്നെയാണ് പ്രാണികളിൽ ആദ്യമായുണ്ടായത്

"തസ്മാദ് സർവൗഷധമുച്യതേ"– അതുകൊണ്ട് അന്നത്തെ സർവൗഷധമെന്ന് വിളിക്കുന്നു

"അന്നാദ് ഭൂതാനി ജായന്തേ"– അന്നത്തിൽ നിന്നും പ്രാണികൾ ഉണ്ടാകുന്നു.
(തൈത്തിരിയോപനിഷത്ത് : 2)

"അന്നാദ് ഭവന്തി ഭൂതാനി"– ഭഗവദ്ഗീത

എന്നിങ്ങനെ അന്നത്തിന്റെ പ്രാധാന്യം ജീവരാശികളുടെ സ്വഭാവത്തിന് അടിസ്ഥാനമാണെന്ന ഉപനിഷദ്വാക്യങ്ങളും ഗീതാവാക്യവും രാമാവതാരത്തിന് പ്രയോജനപ്പെട്ട ഹവിസ്സിന്റെ മാഹാത്മ്യത്തെ സമർഥിക്കുന്നു.

(തുടരും)

ദക്ഷിണേഷ്യയിൽ നിന്നും ചൈനയെ അകറ്റിനിർത്താനാവുമോ?

എം.വി.കാമത്ത്

രാഷ്ട്രപതി പ്രതിഭാപാട്ടീൽ ഇയ്യിടെ ചൈന സന്ദർശിച്ച അവസരത്തിലുണ്ടായ ഒരു സംഭവം മാധ്യമങ്ങൾ വേണ്ടത്ര ശ്രദ്ധിച്ചതായി കാണുന്നില്ല. ചൈനീസ് വിദേശ കാര്യവകുപ്പിന്റെ ഔദ്യോഗികവക്താവ് മുൻകൂട്ടി തയ്യാറാക്കിയ പ്രസ്താവന മാധ്യമങ്ങൾക്ക് മുമ്പാകെ വായിക്കുന്നതിന്നിടക്കാണ് ആ താല്പ്പര്യകരമായ സംഭവം നടന്നത്. പെട്ടെന്ന് ഔദ്യോഗിക പ്രസ്താവനവായിക്കുന്നത് നിർത്തിയ വക്താവ് സ്വന്തം നിലയ്ക്ക് ഏതാനും വാക്കുകൾ സംസാരിക്കുകയായിരുന്നു. ഇന്ത്യക്കും ചൈനക്കും തമ്മിലുള്ള ബന്ധം നന്നാക്കുവാൻ ഇരുഭാഗത്തെയും മാധ്യമങ്ങൾ ഒരവസരം നൽകുമോ? എന്നാണ് അദ്ദേഹം ഉള്ളിൽ തട്ടിയ നിലയിൽ ചോദിച്ചത്.

എന്താണ് ഇതു നൽകുന്ന സൂചന? ചൈന എന്തുചെയ്താലും അത് ഇന്ത്യാ – ചൈനാബന്ധത്തിന് ഹാനിവരുത്തുന്നതാണെന്ന് വ്യാഖ്യാനിക്കുവാൻ മാധ്യമങ്ങൾ കിണഞ്ഞ് ശ്രമിക്കുകയാണെന്നാണോ സൂചന? ചൈന ലോകാരാജ്യങ്ങളുമായി സമാധാനത്തിൽ വർത്തിക്കുവാൻ താൽപ്പര്യപ്പെടുന്നതിന് വിഘാതം സൃഷ്ടിക്കുന്നവയാണ് മാധ്യമങ്ങളുടെ വിപരീത പ്രചരണമെന്നാണോ ചൈനീസ് ഔദ്യോഗികവക്താവ് അർത്ഥമാക്കിയത്? യാതൊരു കാരണവും കൂടാതെ മാധ്യമങ്ങൾ എരിതീയിൽ എണ്ണ ഒഴിക്കുകയാണെന്നോ?

ചൈന ഈ അടുത്ത കാലത്തായി ഇന്ത്യയോട് തൊട്ടികിടക്കുന്ന ബംഗ്ലാദേശ്, ശ്രീലങ്ക എന്നീ രാജ്യങ്ങളോട് സൗഹാർദ്ദം സ്ഥാപിക്കാൻ പ്രത്യേകമായി ശ്രമിച്ചത് പലരെയും അത്ഭുതപ്പെടുത്തിയിരുന്നു. ചൈനയുടെ നടപടിയെ തെറ്റായി വ്യാഖ്യാനിക്കപ്പെടുകയായിരുന്നു എന്നാണോ ചൈനീസ് ഔദ്യോഗിക വക്താവ് പറയാതെ പറയുന്നത്? ചൈന ഇന്ന് സാമ്പത്തികമായി സമ്പന്നമാണ്. 2.2 ട്രില്യൺ ഡോളറിന്റെ വിദേശ വിനിമയ ശേഷി ആ രാജ്യത്തിനുണ്ട്. വികസ്വരരാജ്യങ്ങളെ സഹായിക്കാൻ ഈ അവസ്ഥയിൽ ചൈന ആലോചിച്ചാൽ അത് നല്ല കാര്യമാണ്. അപ്പോൾ പിന്നെ ബംഗ്ലാദേശിനെയും ശ്രീലങ്കയെയും ചൈന സഹായിക്കാൻ മുതിരുന്നതിനെ എന്തിന് സംശയത്തോടെ കാണണം?

ഉൾഫ ഭീകരന്മാർക്കും വടക്കുകിഴക്കൻ ഇന്ത്യയിലെ ഭീകരവാദികൾക്കും താവളമൊരുക്കിയിരുന്ന രാജ്യമാണ് ബംഗ്ലാദേശ് എന്ന് മറന്നുകൂടാ. അനൂപ് ചേതൃയും കൂട്ടരും ബംഗ്ലാദേശിലാണ് താവളമുറപ്പിച്ചിരുന്നത്. ആ സാഹചര്യത്തിൽ ബംഗ്ലാദേശിന് ലഭിക്കുന്ന എന്ത് സഹായവും ഇന്ത്യക്ക് സംശയത്തോടെ അല്ലാതെ കാണുവാനാവില്ല. ആ നിലക്ക് ഇന്ന് മാറ്റം വന്നിട്ടുണ്ട്. 18 മാസങ്ങൾക്കുമുമ്പ് ബംഗ്ലാദേശ് പ്രധാനമന്ത്രി ഷെയ്ഖ് ഹസീന ന്യൂഡൽഹി സന്ദർശിച്ചശേഷം ബംഗ്ലാദേശിന്റെ ഇന്ത്യയോടുള്ള നയത്തിൽ വ്യക്തമായ മാറ്റമാണ് വന്നിട്ടുള്ളത്. അതിൽപിന്നെ ഉൾഫ ഭീകരന്മാരെ ആ രാജ്യം അറസ്റ്റ് ചെയ്ത് ഇന്ത്യയെ ഏൽപ്പിച്ചു. ബംഗ്ലാദേശിനെ ഇന്ത്യക്ക് തീറെഴുതുകയാണെന്ന് ഖാലിദാസിയയും ജമാഅത്തെ ഇസ്ലാമിയും മറ്റും ആക്ഷേപിക്കുന്നതിനെ ഇന്നാരും ഗൗരവമായി കാണുന്നില്ല. മുമ്പില്ലാതിരുന്ന ഒരു സൗഭ്രാതം ഇപ്പോൾ ബംഗ്ലാദേശും ഇന്ത്യയും തമ്മിലുണ്ട്. തന്റെ ഇന്ത്യാ സന്ദർശനം നൂറുശതമാനവും വിജയമായിരുന്നു എന്ന് ഷെയ്ഖ് ഹസീന വ്യക്തമാക്കുകയുണ്ടായി. ഏഷ്യൻ ഡവലപ്മെന്റ് ബാങ്കിന്റെ വ്യവസ്ഥകളിന്മേൽ ഒരു ബില്യൺ ഡോളറിന്റെ സാമ്പത്തികസഹായം ബംഗ്ലാദേശിന് ഇന്ത്യ വാഗ്ദാനം ചെയ്തത് നിസ്സാരമായി കാണാനാവില്ല. ഇന്ത്യാ–ബംഗ്ലാദേശ് ബന്ധത്തിൽ ആരോഗ്യകരമായ അവസ്ഥ സംജാതമായതിന്റെ സൂചനയായിത്തന്നെ അതിനെ കാണണം.

അകാറ – അഗർത്തല റെയിൽബന്ധം സ്ഥാപിക്കുവാനുള്ള സന്നദ്ധത ഇന്ത്യ പ്രകടിപ്പിച്ചിട്ടുണ്ട്. സമീപത്തെ വൈദ്യുതി ഗ്രീഡിൽ നിന്നും 250 മെഗാവാട്ട് വൈദ്യുതി ബംഗ്ലാദേശിന് നൽകാമെന്നും സമ്മതിച്ചിരിക്കുന്നു. ഇതിനെല്ലാം പുറമെ 47 വസ്തുക്കൾ നെഗറ്റീവ് പട്ടികയിൽ നിന്നും ഇന്ത്യ ഒഴിവാക്കിട്ടുമുണ്ട്. 15 –50 ദശലക്ഷം ഡോളറിന്റെ നഷ്ടമാണ് ഈ ഒഴിവാക്കൽ മുഖേന ഇന്ത്യക്കുണ്ടാവുക. നികുതിമുക്തപട്ടികയിൽ 4700 വകകൾ ഇപ്പോൾ തന്നെ ഉണ്ട്. ബംഗ്ലാദേശിലെ ബിസിനസ്സുകാർ ഈ സൗകര്യം ദുരുപയോഗപ്പെടുത്തുന്നില്ല എന്നത് പ്രസ്താവ്യമാണ്.

മണിപ്പൂരിലെ ബറാക് നദിയിൽ 1500 മെഗാവാട്ട് ഉല്പാദന ശേഷിയുള്ള തിപായ്മുഖ് ജലവൈദ്യുത അണക്കെട്ട് പണിയുവാനുള്ള നീക്കം ബംഗ്ലാദേശിന് ഹിതമല്ലാത്തതുകാരണം വ്യത്യാസപ്പെടുത്തുവാനും ആലോചനയുണ്ട്. ബംഗ്ലാദേശിനെ ഒരു തരത്തിലും വിഷമിപ്പിക്കുവാൻ ഇന്ത്യ ആഗ്രഹിക്കുന്നില്ലെന്നർത്ഥം. ബംഗ്ലാദേശ് – മേഘാലയ അതിർത്തിയിൽ കമ്പോളങ്ങൾ സ്ഥാപിക്കുവാനും മിസ്സോറം അതിർത്തിയിൽ കസ്റ്റംസ് പോസ്റ്റുകൾ സ്ഥാപിക്കുവാനും ഇരുരാജ്യങ്ങളും തമ്മിൽ പരസ്പരധാരണയായിട്ടുണ്ട്. ഈ സൗജന്യങ്ങളൊന്നും ഏകപക്ഷീയമല്ല. അസ്ഹുഗഞ്ച് ഇടനാട് തുറമുഖവുമായി ഇന്ത്യയെ ബന്ധിപ്പിക്കുവാനുള്ള സൗകര്യം ഏർപ്പെടുത്താമെന്ന് ബംഗ്ലാദേശും വാഗ്ദാനം ചെയ്തിരിക്കുന്നു. മൊഗ്ല–ചിറ്റഗോങ്ങ് ആഴക്കടൽ തുറമുഖ സൗകര്യം ഇന്ത്യക്കും നേപ്പാളിനും ഭൂട്ടാനും നൽകാമെന്നും ബംഗ്ലാദേശ് സമ്മതിച്ചിട്ടുണ്ട്.

കാര്യങ്ങൾ ഈ നിലക്കൊക്കെയാണ് നീങ്ങുന്നതെങ്കിലും ഷെയ്ഖ്ഹസീന സർക്കാർ ബംഗ്ലാദേശിൽ കടുത്ത വെല്ലുവിളികളെയാണ് നേരിടുന്നതെന്ന് ആ രാജ്യത്തെ പ്രമുഖരാഷ്ട്രീയ നിരീക്ഷകനായ ഹറൂൺ ഹബീഷ് ഇയ്യിടെ എഴുതുയകുണ്ടായി. ബംഗ്ലാദേശ് സ്വാതന്ത്ര്യം നേടിയകാലത്ത് 1971ൽ രാജ്യം വിട്ട യുദ്ധകുറ്റവാളികൾ അവിടെ സൈനിക ഭരണം നിലനിന്നിരുന്ന കാലത്ത് തിരിച്ചെത്തി താമസമുറപ്പിച്ചിരുന്നു. അവർ ഇന്ന് സംഘടിതരും ശക്തരുമാണ്. അവർക്ക് ബംഗ്ലാദേശ് നാഷണലിസ്റ്റ് പാർട്ടിയുടെ പിന്തുണയുമുണ്ട്. ബംഗ്ലാദേശും ഇന്ത്യയും തമ്മിൽ സൗഹാർദ്ദബന്ധം ഉണ്ടായിക്കാണാൻ ആഗ്രഹിക്കാത്തവരാണവർ. പാക് സൈന്യത്തെ സഹായിച്ച ചരിത്രമുള്ള ബംഗ്ലാദേശിനകത്തെ പാക് അനുകൂലശക്തികൾക്കും ഈ പുതിയ സൗഹാർദ്ദം ഇഷ്ടമല്ല. മൂന്ന് ദശലക്ഷത്തോളം പേരെ വധിക്കുകയും അരദശലക്ഷം സ്ത്രീകളെ ബലാൽസംഗം ചെയ്യുകയും പത്ത് ദശലക്ഷം ആളുകളെ നാടുവിടാൻ നിർബ്ബന്ധിതരാക്കുകയും ചെയ്ത പാക് സൈന്യത്തെ അനുകൂലിച്ച ചരിത്രമാണിവർക്കുള്ളത്. ഇക്കൂട്ടരെല്ലാം ബംഗ്ലാദേശിലുണ്ട്.

കുറ്റവാളികളെന്ന് തിരിച്ചറിഞ്ഞവരെ വിചാരണചെയ്യാൻ ഷെയ്ഖ് ഹസീന തീരുമാനിച്ചിരിക്കുന്നു. ധീരമായ നീക്കമായിത്തന്നെ ഇതിനെ കാണണം. പാക് അനുകൂലികൾ തട്ടിയെടുത്ത് കൈവശം വെച്ചുപോരുന്ന ഹിന്ദുക്കളുടെ ഭൂമി ഹിന്ദുക്കൾക്ക് തന്നെ തിരിച്ചുകൊടുപ്പിക്കുവാൻ ഡാക്ക ഹൈക്കോടതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ബംഗ്ലാദേശിന്റെ ബുദ്ധി തെളിഞ്ഞിരിക്കുന്നു.

സാമ്പത്തിക ബന്ധം മെച്ചപ്പെടുന്നതോടെ ബംഗ്ലാദേശ് ഇന്ത്യ ബാന്ധവം സമൃദ്ധിയുടെ പുതിയ വിതാനങ്ങളിലേക്ക് ഉയരും. സംയുക്ത ബിസിനസ്സ് സംരംഭങ്ങൾ ഇതുരാജ്യങ്ങൾക്കും ഊഹാതീതമായ നേട്ടങ്ങൾ കൈവരുത്തും. ഉരുക്ക് – വളം – വിദ്യുച്ഛക്തി മേഖലകളിൽ നിക്ഷേപം നടത്തുന്നതു സംബന്ധിച്ച ചർച്ചകൾ പുനരാരംഭിക്കുവാൻ ബംഗ്ലാദേശ് ടാറ്റയെ സമീപിച്ചിട്ടുണ്ട്. രണ്ട് വർഷത്തിനകം ചൽനയിൽ 1320 മെഗാവാട്ട് കൽക്കരി അധിഷ്ഠിത താപോർജ്ജനിലയം പ്രവർത്തനമാരംഭിക്കപ്പെടുമെന്നാണ് പ്രതീക്ഷ. 5000 കോടി മുതൽമുടക്കുള്ള സംയുക്ത സംരംഭമാണിത്.

ബംഗ്ലാദേശിന്റെ അടിസ്ഥാനവികസനത്തിനു സഹായകമായ ചൈനീസ് സഹായങ്ങൾ തിരസ്കരിക്കപ്പെടണമെന്നല്ല വിവക്ഷ. ബംഗ്ലാദേശിലെ ഇന്ത്യാവിരുദ്ധ ശക്തികൾ ചൈനയെ ഉപയോഗപ്പെടത്താതിരിക്കണമെന്നു മാത്രം. 2005–2006ൽ ബംഗ്ലാദേശിനുണ്ടായ 1.56 ബില്യൺ വ്യാപാരകമ്മികുറക്കാൻ ചൈന സഹായിക്കുകയാണെങ്കിൽ അതിൽ അപാകം കാണേണ്ടതില്ല. ഏതായാലും ബംഗ്ലാദേശും ഇന്ത്യയും തമ്മിൽ പുതിയൊരു സൗഹാർദ്ദബന്ധം വളരുകയാണ്. ഇത് സന്തോഷകരം തന്നെ.